TUESDAY 09.04.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/04/2024

1.കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് 18 വയസ്സുമുതൽ 65 വയസ്സു വരെ പ്രായമുള്ളവർക്കും, 5 സെൻ്റ് മുതൽ 15 ഏക്കർ വരെ ഭൂമിയുള്ളവർ (തോട്ട വിളകൾക്ക് എഴര ഏക്കർ വരെ), പാട്ടത്തിനു കൃഷിചെയ്യുന്ന കർഷകർ, 3 വർഷത്തിൽ കുറയാത്ത കാലയളവിൽ കൃഷി പ്രധാന ഉപജീവനമാർഗമായിട്ടുള്ളവർ, വാർഷികവരുമാനം 5 ലക്ഷത്തിന് താഴെയുള്ളവർ, കൃഷി അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യകൃഷി, പട്ടുനൂൽപ്പുഴുകൃഷി, തേനീച്ച വളർത്തൽ, അലങ്കാര മത്സ്യകൃഷി, കൂൺ കൃഷി, കാടകൃഷി മുതലായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ എന്നിവർക്ക് അംഗമാകാം. കൂടുതൽ വിവരങ്ങൾക്ക് www.kfwfb.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കേരള കർഷക ക്ഷേമനിധി ബോർഡിൽ രജിസ്ട്രേഷന് വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ, വില്ലേജ് ഓഫീസറിൽ നിന്ന് ലഭിക്കുന്ന വാർഷിക വരുമാന സർട്ടിഫിക്കറ്റ്, കൃഷി/കൃഷി അനുബന്ധ/ കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്ഥാവന, കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം (കൃഷി ഓഫീസർ ഒഴികെ), ബാങ്ക് പാസ് ് ബുക്ക് പകർപ്പ്, ഭൂമി നികുതി രസീത് / ഭൂമി രേഖ പാസ്സ്പോർട്ട് സൈസ് ഫോട്ടോ മുതലായവയാണ് ആവശ്യമായ രേഖകൾ. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ക്ഷേമനിധി പെൻഷൻ, അനാരോഗ്യ ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ ആനുകൂല്യങ്ങൾ, ചികിത്സാസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഒറ്റത്തവണ ആനുകൂല്യം, വിദ്യാഭ്യാസ, ധനസഹായം, മരണാനന്തര ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

2. എറണാകുളം ജില്ലയിലെ കൊച്ചങ്ങാടിയിലുള്ള മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിലെ ശീതികരിച്ച മത്സ്യങ്ങളായ അയല, കലവ, തിലാപ്പിയ, ആവോലി, കരിമീൻ എന്നിവ ലേലം/ക്വട്ടേഷൻ അടിസ്ഥാനത്തിൽ വില്പനയ്ക്ക് ലഭ്യമാണ്. ഏപ്രിൽ 16ന് രാവിലെ 10 വരെ ക്വാട്ടേഷൻ സ്വീകരിക്കും. ഏപ്രിൽ 16ന് രാവിലെ 11 നാണ് ലേലം. കൂടുതൽ വിവരങ്ങൾക്കായി 9526041126, 9526041186 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3. മത്സ്യഫെഡിന്റെ 20 ടൺ ഫ്രീസിംഗ് കപ്പാസിറ്റിയും, 600 ടൺ കോൾഡ് സ്റ്റോറേജ് കപ്പാസിറ്റിയുമുള്ള കൊച്ചങ്ങാടിയിലുള്ള മത്സ്യഫെഡ് ഐസ് ആൻറ് ഫ്രീസിംഗ് പ്ലാന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഭാഗികമായി വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ 9526041126, 9526041195 നമ്പരുകളിൽ ബന്ധപ്പെടുക.

4. PUSA കൃഷി RKVY-RAFTAAR ഇൻകുബേസൻ പ്രോഗ്രാമിൽ നൂതന സംരംഭങ്ങൾ ക്ഷണിക്കുന്നു മിനിമം വയബിൾ പ്രോഡക്റ്റ്, മാർക്കറ്റ് റെഡി ഇന്നവേഷൻസിലും UPJA 2024 ൽ 25 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നു. ARISE 2024 പദ്ധതിപ്രകാരം സ്റ്റാർട്ടപ്പുകൾക്ക് 5 ലക്ഷം രൂപ വരെയും വിദ്യാർത്ഥികൾക്ക് 4 ലക്ഷം രൂപ വരെയും ധനസഹായം ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് pusakrishi.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

5. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, കേരള കാർഷിക സർവകലാശാല ആരംഭിച്ച മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആണ് Organic Interventions for Crop Sustainability പൂർണമായും ഓൺലൈൻ ആയുള്ള ഈ കോഴ്സ് പ്ലസ് ടു വിജയിച്ച ആർക്കും ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർക്ക് രണ്ടാമത്തെ ബാച്ചിലേക്ക് 100 രൂപ അടച്ചു രജിസ്റ്റർ ചെയ്യാവുന്നതാണ്. റെജിസ്ട്രേഷൻ ലിങ്ക് :

https://forms.gle/MFzYDVspFug1pSci7` കൂടുതൽ വിവരങ്ങൾക്ക് സെൻട്രൽ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് മണ്ണൂത്തിയുടെ 0487-2371104 എന്ന ഫോൺ നമ്പരിലോ www.kau.in,www.cti.kau.in എന്ന വെബ്സൈറ്റിലോ, cti@kau.in എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിൽ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻ ഫുഡ് പ്രോസസ്സിംഗ് എന്ന വിഷയത്തിൽ ഒരു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. സീറ്റ് 25 ആയി നിജപ്പെടുത്തിയിട്ടുണ്ട്. കോഴ്സ് ഫീസ് 20,000 രൂപ. യോഗ്യത VHSE/HSE. അപേക്ഷിക്കേണ്ട അവസാന തീയതി 15.04.2024. കൂടുതൽ വിവരങ്ങൾക്ക് ൃമയശ@സമൗ.ശി എന്ന ഈ മെയിൽ വിലാസത്തിലോ 04872438332 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. അപേക്ഷിക്കുന്നതിന് tinyurl.com/edpfood

7. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബി. വി. 380 ഇനം കോഴിക്കുഞ്ഞ് ഒന്നിന് 160 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8.സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ-695024. ഫോൺ - 9495000920, 9495000933.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് രണ്ടു ടണ്ണിൽ കൂടുതൽ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ 12ന് (12/04/2024) പകൽ 11 മണിവരെയാണ്.കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. 10.പാലക്കാട് തിരുവാഴാംകുന്ന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി ഏവിയൻ റിസർച്ച് സ്റ്റേഷനിൽ ഒരു ദിവസം പ്രായമുള്ള കോഴി, താറാവ്, കാട എന്നിവയുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04924 293885, 6282907009 എന്ന നമ്പറുകളിൽ ബന്ധപ്പെടുക. ടർക്കിയും അലങ്കാര കോഴികളും അഡ്വാൻസ് ബുക്കിംഗ് മുഖാന്തരം ലഭ്യമാവുന്നതാണ്.

11. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ പരിപാലിച്ച് വരുന്ന മുട്ടനാടുകളെ (3 എണ്ണം) ഈ മാസം 10 ന് (10/04/2024) പകൽ 11 മണിക്ക് പരസ്യ ലേലം വഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30 നു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരത ദ്രവ്യം കെട്ടി വെയ്ക്കേണ്ടതുമാണ്. ലേലം പിടിക്കാത്തവർക്ക് ആയിരം രൂപ മടക്കിനൽകുന്നതായിരിക്കും.